നമ്പർ. ബി1/4291/ റ്റിസി/2015

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
[illegible] - 14.
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in]
തീയതി, 28-03-2015

## സർക്കുലർ 9/2015

വിഷയം :- മോട്ടോർ വാഹന വകുപ്പ് – 1975-ലെ കേരള മോട്ടോർ വാഹന ടാക്സേഷൻ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി – നിർദ്ദേശങ്ങൾ നൽകുന്നത് – സംബന്ധിച്ച്

സൂചന :- സർക്കാരിന്റെ 13-03-2015-ലെ ജി.ഒ(പി) നമ്പർ 15/2015/ടാൻ എന്ന ഉത്തരവ്

1975-ലെ കേരള മോട്ടോർ വാഹന ടാക്സേഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു. പ്രസ്തുത ഉത്തരവിന് 13-03-2015 മുതൽ പ്രാബല്യമുണ്ടെന്നും ആയതിനാൽ ടി ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്നും റീജിയണൽ / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ/മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ(ചെക്ക്പോസ്റ്റ്) എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് താഴെ പറയുന്ന അധിക നിർദ്ദേശങ്ങൾ കൂടി നൽകുകയാണ്.

1. പുതിയതായി വാങ്ങുന്ന മോട്ടോർ സൈക്കിളുകൾ, ത്രീ വീലറുകൾ, മോട്ടോർ കാറുകൾ, സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ, കൺസ്ട്രക്ഷൻ എക്യുപ്മെന്റ് വാഹനങ്ങൾ, ഓട്ടോറിക്ഷകൾ, മോട്ടോർ ക്യാബ്, ടൂറിസ്റ്റ് മോട്ടോർ ക്യാബ്, 3000കി.ഗ്രാം വരെ RLW ഉള്ള ചരക്ക് വാഹനങ്ങൾ എന്നിവയ്ക്ക് വാഹനത്തിന് താൽക്കാലിക രജിസ്ട്രേഷൻ അല്ലെങ്കിൽ പെർമനന്റ് രജിസ്ട്രേഷൻ അനുവദിക്കുന്ന ദിവസം തന്നെ നികുതി ഈടാക്കേണ്ടതാണ്. (അതായത് രജിസ്ട്രേഷന് മുൻപ് തന്നെ വാഹനത്തിന്റെ ചേസിസ് നമ്പറിന്റെ അടിസ്ഥാനത്തിൽ നികുതി അടയ്ക്കാവുന്നതാണ്). അല്ലാത്ത പക്ഷം

നിയമാനുസൃതമായ അഡീഷണൽ ടാക്സ് കൂടി ഈടാക്കേണ്ടിവരും. താൽക്കാലിക രജിസ്ട്രേഷൻ നൽകുന്ന സമയത്ത് (പ്രത്യേകിച്ച് അന്യസംസ്ഥാനങ്ങളിൽ നിന്നും താൽക്കാലിക രജിസ്ട്രേഷൻ എടുത്തു വരുന്ന വാഹനങ്ങൾ) മേൽ പറഞ്ഞ വാഹനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടില്ലായെങ്കിൽ വാഹനം ഡെലിവറി എടുത്ത് 7 ദിവസത്തിനകം അല്ലെങ്കിൽ വാഹനം പെർമനന്റ് രജിസ്ട്രേഷന് ഹാജരാക്കുന്ന ദിവസമോ ഇതിൽ ഏതാണ് ആദ്യം എന്ന് കണക്കാക്കി നികുതി അഡീഷണൽ ടാക്സ് ഇല്ലാതെ സ്വീകരിക്കാവുന്നതാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്നും എൻ.ഒ.സി എടുത്ത് ഒറ്റത്തവണ/ലംസം നികുതി അടയ്ക്കേണ്ട വാഹനങ്ങൾ എൻ.ഒ.സി എടുത്ത് 14 ദിവസത്തിനകം നികുതി അടയ്ക്കേണ്ടതാണ്.

2. ത്രൈമാസ നികുതി അടയ്ക്കേണ്ട വാഹനങ്ങൾ വാർഷിക നികുതി അടയ്ക്കുമ്പോഴും മറ്റും നൽകുന്ന 'Rebate' സമ്പ്രദായം 13-03-2015 മുതൽ അവസാനിപ്പിച്ചിരിക്കുകയാണ്.

3. നികുതി അടയ്ക്കാതെ പിടിച്ചെടുക്കുന്ന വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സോഫ്റ്റ്‌വെയർ മോഡിഫിക്കേഷൻ വരുത്തിയ ശേഷം നൽകുന്നതാണ്.

4 ഒറ്റത്തവണ നികുതിയോ ലംസം നികുതിയോ Refund ചെയ്യുമ്പോൾ ഈ ഓഫീസിൽ നിന്നും 01-07-2013-ൽ നൽകിയ ബി1/15135/റ്റിസി3/2013 എന്ന കത്തിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

No. B1/15135 /TC/2013

Transport Commissionerate, Kerala,
Trans Towers, Thiruvananthapuram
Dated: 01.07.2013

From

The Transport Commissioner,
Thiruvananthapuram.

To

All Deputy Transport Commissioners
All Regional Transport Officers
All Joint Regional Transport Officers

Sir,

Sub: Motor Vehicles Dept. –Clarification issued-removal of vehicle from the State-refund of balance tax -reg:-
Ref: Note from Senior Deputy Transport Commissioner(Taxation)

As per Rule 15 A of Kerala Motor Vehicles Taxation Rules,1975, vehicles such as motor cycles, motor cars etc. for which if one time tax is collected or tax is paid for 5 years,10 years or 15 years period in lump, but if the vehicle is removed permanently from the State or the registration of the vehicle is cancelled during the currency of the tax so paid, the amount of tax to be refunded shall be the difference between the actual amount of tax paid and the amount calculated by multiplying the number of years for which the motor vehicle was actually used in this State by the rate of annual tax that prevailed on the date on which refund is applied for.

Such an assessment is inaccurate as the tax rates are enhanced over the years and the amount of annual tax so calculated will result in increase in the amount to be refunded. Calculation of annual tax on the basis of one time tax actually paid will be a better option. The Department has already taken up the matter with the Government for amending the above Rule.

In these circumstances, it is hereby instructed that the amount of tax to be refunded shall be the difference between the actual amount of tax paid and the amount calculated by multiplying the number of years for which the motor vehicle was actually used in the State by the proportionate yearly rate of the One time tax/lump sum tax already paid. For computing the period of usage, any broken period less than one year shall also be treated as one year.

Yours Faithfully

Senior Deputy Transport Commissioner (Tax)
For Transport Commissioner